## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണം - നഗരഗ്രാമാസൂത്രണ വകുപ്പ് - ഭരണപരം - ശ്രീ. ജെ.ജയകുമാർ, ടൗൺ പ്ലാനർ - സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

### തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധ)നം. 231/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.1.2013

=====================================================================

പരാമർശം:- 1) സ.ഉ. (ആർ.റ്റി) 410/10/തസ്വഭവ തീയതി 5.2.2010.
2) സ.ഉ.(ആർ.റ്റി) 2525/10/തസ്വഭവ തീയതി 2.8.2010.
3) സ.ഉ.(ആർ.റ്റി) 3556/10/തസ്വഭവ തീയതി 12.11.2010.
4) 11.6.2012-ലെ മുഖ്യനഗരാസൂത്രകന്റെ എ3-347/09 നമ്പർ കത്ത്.

### ഉത്തരവ്

പൊതു സ്ഥലംമാറ്റ ഉത്തരവ് പാലിക്കാതെ തൽസ്ഥാനത്ത് തുടർന്ന ശ്രീ.ജെ.ജയകുമാറിനെ പരാമർശം ഒന്ന് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം 2 പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പരാമർശം മൂന്നു പ്രകാരം ലഘുശിക്ഷയായ സെൻഷ്വർ നൽകി ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുണ്ട്. 5.8.2010-ൽ ജോലിയിൽ പുനഃപ്രവേശിച്ച ടൗൺ പ്ലാനറായ ശ്രീ. ജയകുമാറിന്റെ സസ്പെൻഷൻ കാലയളവായ 5.2.2010 മുതൽ 4.8.2010 വരെ ക്രമവൽക്കരിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ പരാമർശം 4 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജയകുമാറിന് 'സെൻഷ്വർ' നൽകിയാണ് അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടുള്ളതിനാൽ സസ്പെൻഷൻ ന്യായീകരിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ ശ്രീ. ജെ. ജയകുമാർ സസ്പെൻഷനിൽ നിന്ന 5.2.2010 മുതൽ 1.8.2010 വരെയുള്ള കാലയളവ് ശമ്പളവും മറ്റ് അലവൻസുകളും subsistance allowance-ൽ നിജപ്പെടുത്തി മറ്റെല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും, 2.8.2010 മുതൽ 4.8.2010

വരെയുള്ള ഇടവേള അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി.റംലത്ത്,**
**അണ്ടർ സെക്രട്ടറി**

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ. ജെ. ജയകുമാർ, ടൗൺ പ്ലാനർ (മുഖ്യ നഗരാസൂത്രകൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**